## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ-T*753 08.11.2016-ൽ മറുപടി നൽകേണ്ടത്

## കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ഓരോ വകുപ്പിലെയും ജോലിഭാരം പഠിയ്ക്കാൻ നിയോഗിച്ച കമ്മീഷൻ ശിപാർശ പ്രകാരം, മജിസ്ട്രേറ്റ് കോടതികളിൽ 784 തസ്തികകൾ സൃഷ്ടിക്കാൻ ഉള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ O&M വർക്ക് സ്റ്റഡി ശിപാർശ പ്രകാരം മജിസ്ട്രേറ്റ് കോടതികളിൽ സൃഷ്ടിക്കേണ്ടതായ 784 തസ്തികകളിൽ 224 ക്ലറിക്കൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബാക്കി തസ്തികകൾ ഉടനെ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല. |
| ബി) കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യണമെന്ന 2003ലെ ഒന്നാം ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

(മറുപുറം)

| | |
|---|---|
| (i) നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് (സി) പ്രകാരമുള്ള ചെക്കു കേസുകൾ 6 മാസത്തിനകം തീർപ്പാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ കേസുകൾ കുന്നു കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | കഴിഞ്ഞ 3 വർഷത്തെ സ്റ്റാറ്റിറ്റിക്സ് പരിശോധിച്ചതിൽ, തീർപ്പാക്കേണ്ട ചെക്ക് കേസുകളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി 3 സ്പെഷ്യൽ ജെ.എഫ്.എം.സി കോടതികൾ അധികമായി രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. കൂടാതെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾ തീർപ്പാക്കുന്നതിന് 50 മുൻസിഫ് കോടതികൾക്ക് മജിസ്ടീരിയൽ അധികാരം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.